1558

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307
തീയതി: 28.12.2020

നമ്പർ. EB3/12971/20/ഡി.ടി.ഇ

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും

സർ

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം- ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാന തലത്തിലാക്കിയ ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ട്രേഡ്സ്മാൻ തസ്തികയിലെ ജീവനക്കാരുടെ സ്ഥല മാറ്റ അപേക്ഷ ക്ഷണിക്കുന്നത് -- സംബന്ധിച്ച്.

സൂചന:- 1)10.06.2020 ലെ സ ഉ (കൈ ) നം 207/2020/ഉ വി വ സർക്കാർ ഉത്തരവ്
2) 24.11.2020 ലെ സ ഉ (കൈ ) നം 404/2020/ഉ വി വ സർക്കാർ ഉത്തരവ്
3) ഈ കാര്യാലയത്തിലെ 29.09.2020 ലെ ഇബി 3/7830/2020 നമ്പർ നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാനതലത്തിലാക്കി സൂചന 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു .സൂചന (2) പ്രകാരം , റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന ട്രേഡുകളിൽ ടി റാങ്ക് ലിസ്റ്റിൻറെ കാലാവധി കഴിയുന്നതോടുകൂടി മാത്രമേ നിയമനം ജില്ലാതലത്തിൽ നിന്നും സംസ്ഥാനതലത്തിലാക്കുന്നതാണ് എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തി സൂചന (1) ലെ സർക്കാർ ഉത്തരവ് ഭേദഗതിചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ,സൂചന (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം ജില്ലാ അടിസ്ഥാനത്തിൽ നിന്നും സംസ്ഥാനതലത്തിലാക്കുന്നതിന്റെ ഭാഗമായി ,നിലവിലുള്ള ഒഴിവുകളിലേക്ക് ജീവനക്കാരുടെ സ്ഥലം മാറ്റം പരിഗണിക്കുന്നതിലേക്കായി വകുപ്പിൻറെ കീഴിലുള്ള സ്ഥാപനങ്ങളിലെ , സ്ഥലം മാറ്റത്തിന് ഇപ്പോൾ അപേക്ഷിക്കുവാൻ താത്പര്യമുള്ള ട്രേഡ്സ്മാൻ തസ്തികയിലെ ജീവനക്കാരോടു അവരവരുടെ ആവശ്യാനുസരണം ഓൺലൈൻ ആയി www.dtekerala.gov.in/mis എന്ന വെബ് സൈറ്റ് മുഖേന 31.12.2020 വൈകുന്നേരം 05 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കുവാൻ സ്ഥാപനമേധാവികൾ വേണ്ട അറിയിപ്പ് നല്കേണ്ടതും ഓൺലൈൻ മുഖേന ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ , സ്ഥാപനമേധാവികൾ പരിശോധിച്ച 05.01.2021 വൈകുന്നേരം 4 മണിക്ക് മുൻപായി ശിപാർശ സഹിതം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ഓൺലൈൻ ആയി സമർപ്പിക്കേണ്ടതുമാണ് .

അപേക്ഷകൾ ഓൺലൈൻ മുഖേന സമർപ്പിക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സ്ഥാപനമേധാവി /ജീവനക്കാർ 0471 2561311 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2020 ലെ പൊതുസ്ഥലം മാറ്റത്തിൽ അപേക്ഷ സമർപ്പിച്ച് സ്ഥലം മാറ്റം ലഭിക്കാത്ത ജീവനക്കാരെയും ഉയർന്ന ഓപ്ഷനുകളിലേക്ക് സ്ഥലം മാറ്റം ലഭിക്കാത്ത ജീവനക്കാരെയും 2020 ലെ പൊതു സ്ഥലം മാറ്റഅപേക്ഷകളിൽ നിന്നുമുള്ള ക്യൂ ലിസ്റ്റ് പ്രകാരം ഇപ്പോൾ സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നതാണ്. 2020ലെ പൊതുസ്ഥലം മാറ്റ അപേക്ഷ പ്രകാരമുള്ള ക്യൂ ലിസ്റ്റിൽ നിന്നും ഇപ്പോൾ സ്ഥലം മാറ്റത്തിന് പരിഗണിക്കുവാൻ താൽപ്പര്യമില്ലാത്ത

Draft #9 of File EB3/12971/20/DTE Approved by Director (in-charge) on 28-Dec-2020 02:29 PM - Page 1

Scanned with CamScanner

വനക്കാർ ആ വിവരം കൂടി അറിയിക്കേണ്ടതാണ്.

സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കപ്പെടുന്നത് സൂചന 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും.

2021 ലെ പൊതു സ്ഥലം മാറ്റത്തിന് യഥാസമയം അപേക്ഷ ക്ഷണിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു
വേണ്ടി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

പകർപ്പ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ കീഴിൽ വരുന്ന എല്ലാ സ്ഥാപന മേധാവികൾക്കും
(ഔദ്യോഗിക വെബ് സൈറ്റ് മുഖേന )

Scanned with CamScanner